1. ഇ.ബി. XIII-കേരള നിയമസഭ/XI-26

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജൂലൈ 16,ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തരപ്രമേയം**

**എയിംസ് സ്ഥാപിക്കൽ**

മി. സ്പീക്കർ: സംസ്ഥാനത്ത് ഓൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (AIIMS) സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട നിർദ്ദേശം കേന്ദ്ര ബഡ്ജറ്റിന് മുമ്പ് സമർപ്പിക്കുന്നതിൽ സംസ്ഥാന ഗവൺമെന്റ് വീഴ്ചവരുത്തിയിരിക്കുന്നതുമൂലം ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പട്ടികയിൽനിന്ന് കേരളം പുറത്തായ സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ

നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. റ്റി. എ. റഹിം, വി. എസ്. സുനിൽകുമാർ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കേരളത്തിൽ എയിംസ് സ്ഥാപിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ യാതൊരുവിധ അലംഭാവവും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. 09-07-2014-ലെ മന്ത്രി സഭായോഗവും 14-7-2014 -ൽ കൂടിയ സ്പെഷ്യൽ മന്ത്രി സഭായോഗവും ഇക്കാര്യത്തെക്കുറിച്ച് വിശദമായി ചർച്ച ചെയ്ത് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

ശ്രീ. പി. റ്റി .എ. റഹിം: 2014 ജൂൺ 14-ന് കേന്ദ്രസർക്കാർ എയിംസ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്ന് കേരളത്തോട് ആവശ്യപ്പെട്ടെങ്കിലും കേന്ദ്ര ബഡ്ജറ്റ് അവതരണത്തിനുമുമ്പ് സമർപ്പിക്കാത്തതിനാൽ സംസ്ഥാനത്തെ ബന്ധപ്പെട്ട പട്ടികയിൽനിന്നും പുറത്താക്കിയിരിക്കുകയാണ്. അനുയോജ്യമായ സ്ഥലം കണ്ടെത്തി കൃത്യസമയത്ത് നിർദ്ദേശം സമർപ്പിക്കുന്നതിൽ സംസ്ഥാന സർക്കാർ വീഴ്ച വരുത്തിയിരിക്കുകയാണ്. ഗുരുതരമായ ഈ സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): എയിംസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടിയാണ് കൈകാര്യം ചെയ്യുന്നത്. ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഘട്ടംഘട്ടമായി എയിംസ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ 200 ഏക്കറിൽ കുറയാത്ത മൂന്നോ നാലോ സ്ഥലങ്ങൾ കണ്ടെത്തി ഒരു മാസത്തിനുള്ളിൽ അറിയിക്കണമെന്ന കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയുടെ കത്ത് 19-06-2014-ലാണ് ഫാക്സ് മുഖേന മുഖ്യമന്ത്രിക്ക് ലഭിച്ചത്. സ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്ത് അറിയിച്ചതിനുശേഷം കേന്ദ്രസംഘത്തിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലം സെലക്ട് ചെയ്യുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇതനുസരിച്ച് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. മന്ത്രിസഭാ തീരുമാനമനുസരിച്ച് ഇന്ന് കേന്ദ്ര സർക്കാരിന് കത്ത് നൽകുന്നതാണ്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇക്കാര്യത്തിൽ അനാസ്ഥയുണ്ടായിട്ടില്ല എന്നുമാത്രമല്ല ഇത് സംബന്ധിച്ച് സമയബന്ധിതമായി തീരുമാനങ്ങളെടുത്തിട്ടുമുണ്ട്. 2014 ജൂൺ 19-ന് കത്ത് ലഭിച്ച അന്നുതന്നെ തുടർ നടപടികൾക്കായി ആരോഗ്യ വകുപ്പുമന്ത്രിക്ക് കൈമാറുകയും അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് ജില്ലാ

കളക്ടർമാർക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രൊപ്പോസൽ ലഭിച്ചതിനുശേഷം കേന്ദ്രസംഘത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുമെന്ന് കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്. നേരത്തെ നൽകിയ പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ ഈ വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ കേരളത്തിന് ഐ.ഐ.ടി. അനുവദിച്ചുനൽകിയിട്ടുണ്ട്. എയിംസ് സ്ഥാപിക്കുന്നതിനായി 200 ഏക്കർ വീതമുള്ള നാല് സ്ഥലങ്ങൾ കണ്ടെത്തിയതിനുപുറമേ കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള ശ്രീകാര്യത്തെ കിഴങ്ങ് ഗവേഷണകേന്ദ്രത്തിന്റെ ഭൂമിയും പരിഗണിക്കുന്നതാണ്. തിരുവനന്തപുരം ആർ.സി.സി.യെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്യാൻസർ ആയും തലശ്ശേരിയിലെ മലബാർ ക്യാൻസർ സെന്ററിനെ ആർ.സി.സി.യായും ഉയർത്തുന്നതിനുള്ള ശ്രമവും നടത്തിവരികയാണ്.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>): എയിംസ് സ്ഥാപിക്കുന്നതിനുള്ള സ്ഥലത്തിന്റെ കാര്യത്തിൽ ഏകീകൃത അഭിപ്രായമുണ്ടാക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടില്ല. കഴിയുന്നത്ര വേഗതയിൽ എയിംസ് അനുവദിച്ചുകിട്ടുന്നതിനുള്ള നടപടികളുമായി മുന്നോട്ടുനീങ്ങണം.

## ശ്രദ്ധ ക്ഷണിക്കൽ

### (1) എയർ കേരള യാഥാർത്ഥ്യമാക്കൽ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് വിമാനത്താവളങ്ങളിലൂടെ ഗൾഫ് മേഖലയിലേയ്ക്ക് ഇരുപതിൽപ്പരം വിമാന കമ്പനികൾ സർവ്വീസ് നടത്തിവരുന്നുണ്ട്. ഉയർന്ന ടിക്കറ്റ് നിരക്ക് നൽകുന്നതിനുപുറമേ മോശമായ അനുഭവങ്ങളും അവർക്ക് നേരിടേണ്ടിവരുന്നു. ഈ സാഹചര്യത്തിൽ എയർ കേരള എന്ന പേരിൽ കേരളത്തിന് സ്വന്തമായി ഒരു വിമാന സർവ്വീസ് എന്ന ആശയം ഉയർന്നുവരികയും അതിനാവശ്യമായ ഷെയർ സമാഹരിക്കാൻ തയ്യാറാണെന്ന് പ്രവാസി പ്രമുഖർ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഏതെങ്കിലും ഒരു വിമാന കമ്പനിയുടെ സബ്സിഡിയറി സർവ്വീസായെങ്കിലും എയർ കേരള പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സീസൺ സമയങ്ങളിൽ അടിക്കടി യാത്രാക്കൂലി വർദ്ധിപ്പിച്ചുകൊണ്ട് പ്രവാസി മലയാളികളെ വിമാനക്കമ്പനികൾ ചൂഷണം ചെയ്യുകയാണ്. ഇതിന് പരിഹാരമായി ഗൾഫ് സെക്ടറിൽ കുറഞ്ഞ ചെലവിൽ യാത്രാസൗകര്യം ഒരുക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് എയർ കേരള പദ്ധതി ആരംഭിക്കാൻ സംസ്ഥാനസർക്കാർ തീരുമാനിച്ചത്. രാജ്യാന്തര സർവ്വീസ് നടത്തുന്നതിന് അഞ്ചുകൊല്ലം ആഭ്യന്തര സർവ്വീസ് നടത്തിയ പരിചയവും ഇരുപത്

എയർക്രാഫ്റ്റുകളുമുണ്ടായിരിക്കണമെന്ന കേന്ദ്രസർക്കാരിന്റെ വ്യവസ്ഥകൾ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് തടസ്സമായി. ആഭ്യന്തര സർവ്വീസ് നടത്തുന്നത് സർക്കാരിന് വലിയ സാമ്പത്തിക നഷ്ടമുണ്ടാക്കും. വ്യവസ്ഥകളിൽ ഇളവ് വരുത്തി എയർ കേരളയ്ക്ക് രാജ്യാന്തര സർവ്വീസ് നടത്തുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്, നേരിൽകണ്ടും ഈ ആവശ്യം ഉന്നയിക്കുന്നതും പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതുമാണ്. ഷെയറെടുക്കാൻ ധാരാളമാളുകൾ തയ്യാറായതിനാൽ സാമ്പത്തികമായ തടസ്സങ്ങളില്ല. സാങ്കേതിക കാരണങ്ങളാൽ പദ്ധതി സാധ്യമാകാത്ത സാഹചര്യത്തിൽ മാത്രം സബ്സിഡിയറി സർവ്വീസായി ആരംഭിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

## (2) <u>സംവരണതത്വം പാലിക്കൽ</u>

<u>ശ്രീ. ബി. സത്യൻ</u>: സംസ്ഥാനത്തെ ദേവസ്വം ബോർഡുകളിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാനെടുത്ത മുൻസർക്കാർ തീരുമാനം ഈ സർക്കാർ റദ്ദാക്കുകയും പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിന് നിയമം കൊണ്ടുവരികയും ചെയ്തിരിക്കുകയാണ്. പ്രസ്തുത നിയമം നിലനിൽക്കെ സംവരണതത്വങ്ങൾ അട്ടിമറിച്ചുകൊണ്ട് ദേവസ്വം ബോർഡുകളിൽ ഇപ്പോഴും നിയമനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

റിക്രൂട്ട്മെന്റ് ബോർഡ് അടിയന്തരമായി രൂപീകരിക്കുന്നതിനും സബോർഡിനേറ്റ് സർവ്വീസ് റൂൾ പ്രകാരമുള്ള സംവരണതത്വം പാലിച്ച് നിയമനങ്ങൾ നടത്തുന്നതിനും മുൻകാല പ്രാബല്യത്തോടെ ബാക്ക്‌ലോഗ് നികത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഹിന്ദുമതത്തിലെ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് ക്ഷേത്രജീവനക്കാർ ഒഴിച്ചുള്ള നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്നതിനുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും ഇതിനെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ്സുകളിൽ തീർപ്പു കൽപ്പിക്കാത്തതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ദേവസ്വം ബോർഡുകളിലെ നിയമനം പി.എസ്.സി.വഴി നടത്തണമെന്ന് ഉത്തരവായതിനുശേഷം കൊച്ചിൻ ദേവസ്വം ബോർഡ് മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിയമനങ്ങളൊന്നും നടത്തിയിട്ടില്ല. മലബാർ ദേവസ്വം ബോർഡിൽ ഭരണപരമായ മേൽനോട്ടമുള്ള ക്ഷേത്രങ്ങളൊഴികെ മറ്റു സ്ഥാപനങ്ങളൊന്നുമില്ല. നിയമനങ്ങളിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് പത്ത് ശതമാനം സംവരണം ചെയ്തിരിക്കണമെന്ന ഗുരുവായൂർ ദേവസ്വം ആക്ടിലെ വ്യവസ്ഥ പാലിച്ചാണ് അവിടെ നിയമനങ്ങൾ നടത്തുന്നത്. മിനിസ്റ്റീരിയൽ ജീവനക്കാരെ നിയമിക്കുന്നതിനായി ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

അടിയന്തരമായി രൂപീകരിക്കുന്നതും നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നതിനുള്ള വ്യവസ്ഥകൾ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതുമാണ്. ബാക്ക്‌ലോഗ് നികത്തുന്ന കാര്യം നിയമപരമായി പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## സബ്മിഷൻ

### (1) സ്വകാര്യ സൂപ്പർക്ലാസ് സർവ്വീസുകൾ ഏറ്റെടുക്കൽ

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സ്വകാര്യ സൂപ്പർക്ലാസ് സർവ്വീസുകളുടെ പെർമിറ്റ് കാലാവധി അവസാനിക്കുന്ന മുറയ്ക്ക് കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കുന്നത് അട്ടിമറിച്ച മന്ത്രിസഭാ തീരുമാനം പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക സ്ഥിതിയും വാഹനങ്ങളുടെ അപര്യാപ്തതയുംമൂലം നിലവിലുള്ള ഷെഡ്യൂളുകൾ നിലനിർത്തിക്കൊണ്ട് സ്വകാര്യ സൂപ്പർക്ലാസ് സർവ്വീസുകളുടെ പെർമിറ്റുകൾ ഏറ്റെടുത്ത് നടത്താൻ സാധിക്കുകയില്ല. 02-07-2014-ൽ ചേർന്ന കക്ഷിനേതാക്കളുടെ യോഗത്തിൽ കാലാവധി കഴിയുന്ന സ്വകാര്യ സൂപ്പർക്ലാസ് സർവ്വീസുകളുടെ പെർമിറ്റ് ഏറ്റെടുത്ത് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി. പുതിയ സ്കീം തയ്യാറാക്കുന്നതുവരെ പ്രൈവറ്റ് ഓപ്പറേറ്റർമാർക്ക് താൽക്കാലിക പെർമിറ്റ് അനുവദിക്കാൻ ധാരണയായതിന്റെ അടിസ്ഥാനത്തിലാണ് നിലവിലുള്ള

പെർമിറ്റുകൾ താൽക്കാലികമായി പുതുക്കി നൽകാൻ മന്ത്രിസഭ തീരുമാനിച്ചത്. പ്രസ്തുത ധാരണയിൽനിന്ന് ഏതെങ്കിലും കക്ഷികൾ പിന്നോട്ട് പോകുകയാണെങ്കിൽ മറ്റൊരു സ്കീം നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

## (2) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന് നാമകരണം

ശ്രീ. അൻവർ സാദത്ത്: കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന് കെ. കരുണാകരൻ മെമ്മോറിയൽ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം എന്ന് നാമകരണം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പേര് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (CIAL) എന്നാണ് കേന്ദ്ര-സംസ്ഥാന വ്യോമയാന രേഖകളിലെല്ലാം രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത വിമാനത്താവളത്തിന്റെ പേര് മാറ്റുന്നതു സംബന്ധിച്ച് ഡയറക്ടർ ബോർഡിന്റെ ശുപാർശ പ്രകാരം കമ്പനിയുടെ വാർഷിക പൊതുയോഗമാണ് തീരുമാനമെടുക്കേണ്ടതെന്നതിനാൽ അടുത്ത ഡയറക്ടർ ബോർഡ് യോഗത്തിൽ ഇക്കാര്യം ഉന്നയിക്കുന്നതാണ്.

## (3) ആർക്കിടെക്റ്റ്സ് ആക്ട് നടപ്പിലാക്കൽ

ശ്രീ. എ. പ്രദീപ് കുമാർ: 1972-ലെ ആർക്കിടെക്റ്റ്സ് ആക്ട് നടപ്പിലാക്കുന്നതിനും എല്ലാ വകുപ്പുകളിലെയും നിർമ്മാണ പ്രവർത്തനങ്ങളിൽ ആർക്കിടെക്റ്റ്സിന്റെ സേവനം ഉറപ്പുവരുത്തുന്നതിനും പി.ഡബ്ല്യു.ഡി. മാന്വൽ ഉൾപ്പെടെയുള്ള ചട്ടങ്ങൾ പ്രസ്തുത ആക്ടിന് വിധേയമായി പരിഷ്കരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 1972-ലെ ആർക്കിടെക്റ്റ്സ് ആക്ടിന്റെയും ഗൈഡ് ലൈൻസ് ഓൺ റോൾ ഓഫ് ആർക്കിടെക്റ്റ്സ് ഇൻ പബ്ലിക് സർവ്വീസസിന്റെയും അടിസ്ഥാനത്തിലാണ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വാസ്തുശിൽപ്പ വിഭാഗത്തിന്റെ നിലവിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്. സർക്കാർ കെട്ടിടങ്ങൾ വാസ്തുശിൽപ്പവിഭാഗത്തിന്റെ രൂപകൽപ്പന അനുസരിച്ച് നിയമാനുസൃതമായാണ് നിർമ്മിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി ചീഫ് ആർക്കിടെക്റ്റ്-ന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. വാസ്തുശിൽപ്പ രൂപകൽപ്പനയിൽ മതിയായ സാങ്കേതിക യോഗ്യതയുള്ളവരും കൗൺസിൽ ഓഫ് ആർക്കിടെക്ചർ, ന്യൂഡൽഹിയിൽ നിയമാനുസൃതം രജിസ്റ്റർ

ചെയ്തിട്ടുള്ളവരുമാണ് വന്നിട്ടുള്ളത്. 1972-ലെ ആർക്കിടെക്റ്റ്സ് ആക്ട് അനുസരിച്ച് പൊതുമരാമത്ത് വകുപ്പിലെ ആർക്കിടെക്റ്റുകളുടെ സർവ്വീസ് ചട്ടങ്ങളുടെ രൂപീകരണം ഉടൻ നടത്തുന്നതാണ്.

## (4) ജി.എഫ്.ആർ.ജി വാൾ പാനലിന് അനുമതി

ശ്രീ. ഹൈബി ഈഡൻ: FACT RCF ബിൽഡിംഗ് പ്രോഡക്ട്സ് ലിമിറ്റഡ് പുറത്തിറക്കുന്ന ജി.എഫ്.ആർ.ജി വാൾ പാനൽ ഉപയോഗിച്ചുള്ള നിർമ്മാണപ്രവർത്തനങ്ങൾക്ക് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ഭരണാനുമതി നേടിയെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ജി.എഫ്.ആർ.ജി വാൾ പാനൽ ഉപയോഗിച്ചുള്ള നിർമ്മാണപ്രവർത്തനങ്ങൾ പ്രചാരത്തിലാക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുന്നതാണ്.

## (5) സബ്ട്രഷറി ഓഫീസ്

ശ്രീ. കെ. അജിത്: തലയോലപ്പറമ്പ് കേന്ദ്രമായി ഒരു സബ് ട്രഷറി ഓഫീസ്

ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ആധുനികവത്കരണത്തിന്റെയും കമ്പ്യൂട്ടർവൽക്കരണത്തിന്റെയും ഭാഗമായി കോർ ബാങ്കിംഗ്, ഹൊറിസോണ്ടൽ കണക്ടിവിറ്റി മുതലായ പുതിയ പദ്ധതികൾ ട്രഷറി വകുപ്പിൽ നടപ്പിലാക്കിവരുന്നതിനാൽ ട്രഷറി ഇടപാടുകൾ സുഗമമാകുന്നതാണ്. പുതുതായി ട്രഷറികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിൽ വരുമ്പോൾ ഇക്കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതാണ്.

## (6) വിദ്യാലയങ്ങളിൽ ജൈവ പോളിഹൗസുകൾ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: ജൈവ പച്ചക്കറികൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ ജൈവ പോളിഹൗസുകൾ ആരംഭിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാർത്ഥികളിൽ ജൈവകൃഷിയുടെ ആവശ്യകതയെപ്പറ്റി അവബോധം വളർത്തിയെടുക്കുന്നതിനുമായി സംസ്ഥാനത്ത് പോളിഹൗസുകൾ വഴി സംരക്ഷിതകൃഷി കാര്യക്ഷമമായി

നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ വഴിയാണ് ഹൈടെക് പദ്ധതിപ്രകാരം പോളിഹൗസുകൾ സ്ഥാപിക്കുന്നത്. വിദ്യാർത്ഥികളുടെ ഇടയിൽ ജൈവകൃഷിയുടെ അഭിരുചി വർദ്ധിപ്പിക്കാനും സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് പച്ചക്കറികൾ ലഭ്യമാക്കുന്നതിനും മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കാനായി എല്ലാ സ്കൂളുകളിലും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

## (7) പ്രീജയുടെ മരണം

ശ്രീ. കെ. രാജു: കുളത്തൂപ്പുഴ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട പ്രീജ എന്ന യുവതിയുടെ ദുരൂഹമരണത്തെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാരെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കുളത്തൂപ്പുഴ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട അയ്യൻപിള്ള വളവിൽ ഗണപതിവിലാസം വീട്ടിൽ ബിജുവിന്റെ ഭാര്യ പ്രീജയെ 18-5-14-ന് വീടിന്റെ കിടപ്പുമുറിയിൽ തൂങ്ങിമരിച്ച നിലയിൽ കാണപ്പെടുകയും പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ തൂങ്ങിമരണമാണെന്ന് സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രീജയുടെ സഹോദരന്റെ

ഭാര്യയുടെ മൊഴിപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് കുളത്തുപ്പുഴ പോലീസ് സബ്ഇൻസ്പെക്ടർ അന്വേഷണം നടത്തിവരികയാണ്. പ്രീജയുടെ മൊബൈൽ ഫോൺ കാൾ വിവരങ്ങളെപ്പറ്റി സൈബർസെൽ മുഖേന നടത്തിയ അന്വേഷണത്തിൽ ചോഴിയക്കോട് കല്ലുകുഴിവീട്ടിൽ നിജിൻ എന്ന ആൾ നിരവധിതവണ വിളിച്ചിട്ടുള്ളതായി കണ്ടെത്തുകയും തെളിവിന്റെയും സാക്ഷിമൊഴികളുടെയും അടിസ്ഥാനത്തിൽ നിജിനെ പ്രതിയായി ഉൾപ്പെടുത്തി അന്വേഷണം നടത്തുന്നതിന് പുനലൂർ ജെഎഫ്.എം.കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുമുണ്ട്. പ്രതി ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല.

## (8) പോലീസ് സേനയിലെ സംഘടനാസ്വാതന്ത്ര്യം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സംഘടനാ സ്വാതന്ത്ര്യത്തിന്റെ പേരിൽ പോലീസ് സേനയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പോലീസുകാരുടെ സ്ഥലം മാറ്റത്തിൽ മാനദണ്ഡമേർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കേരള പോലീസ് ആക്ടിന്റെ പരിധിക്കുള്ളിൽനിന്ന് പ്രവർത്തിക്കുന്ന പോലീസ് അസോസിയേഷനുകൾ പ്രത്യക്ഷമായോ പരോക്ഷമായോ

രാഷ്ട്രീയപ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ മറ്റ് സംഘടനകളുമായി സംയോജിച്ച് പ്രവർത്തിക്കുകയോ ചെയ്യുന്നില്ല. പോലീസ് സേനയിലെ വിവിധ തസ്തികകളിൽ പ്രവർത്തിക്കുന്നവരിൽ ഐക്യം, പരസ്പര ധാരണ, അച്ചടക്കം, സാഹോദര്യം എന്നിവ വളർത്തിയെടുക്കാനാണ് പോലീസ് അസോസിയേഷനുകൾ രൂപീകരിച്ചിട്ടുള്ളത്. സദുദ്ദേശപരമായ കാരണങ്ങളാൽ ആരംഭിച്ച അസോസിയേഷൻ രാഷ്ട്രീയ ചേരിതിരിവിന് വഴിതെളിയിക്കുന്ന നിലയിലേയ്ക്ക് പോകുകയാണെങ്കിൽ അവയെ നിയന്ത്രിക്കുന്നതിനെക്കുറിച്ച് കൂട്ടായി ആലോചിക്കാവുന്നതാണ്. പോലീസുകാരെ സ്ഥലം മാറ്റുന്ന നടപടി നിബന്ധനകൾക്ക് വിധേയമായി മാത്രമേ നടപ്പാക്കിയിട്ടുള്ളൂ.

## (9) നഷ്ടപരിഹാരം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: കോഴിക്കോട് റൂറൽ പോലീസ് എ.ആർ. ക്യാമ്പിൽവച്ച് സ്ഫോടക വസ്തുക്കൾ നിർവീര്യമാക്കുന്നതിനിടെ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാൻ അടിയന്തര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പടക്കനിർമ്മാണ ശാലയിൽനിന്ന് പിടിച്ചെടുത്ത സ്ഫോടകവസ്തുക്കൾ കോടതി

ഉത്തരവുപ്രകാരം കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പിൽവച്ച് നിർവീര്യമാക്കുന്നതിനിടയിൽ പൊട്ടിത്തെറിച്ച് സമീപത്തുള്ള 162 വീടുകൾക്ക് കേടുപാട് സംഭവിച്ചു. കോഴിക്കോട് ജില്ലാ കളക്ടർ, റൂറൽ ജില്ലാ പോലീസ് മേധാവി തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥർ സംഭവസ്ഥലം സന്ദർശിക്കുകയും നാശനഷ്ടം വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കാൻ വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തു. സ്ഫോടക വസ്തുക്കൾ നിർവീര്യമാക്കിയത് കോടതിയുടെ നിർദ്ദേശപ്രകാരമായതിനാൽ സ്ഫോടനം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. ഈ വിഷയത്തിൽ ജില്ലാ കളക്ടറോട് ഉടൻ റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടുന്നതും ശേഷം അനന്തര നടപടി സ്വീകരിക്കുന്നതുമാണ്.

## (10) പോലീസ് നടത്തുന്ന നിയമലംഘനം

ശ്രീ. കെ. ദാസൻ: പോലീസിനെ ആക്രമിച്ചെന്ന പേരിൽ അറസ്റ്റ് ചെയ്ത എഞ്ചിനീയറിംഗ് വിദ്യാർത്ഥിയെ കയ്യാമംവച്ച് നഗരമധ്യത്തിലൂടെ നടത്തുകയും ജനപ്രതിനിധികളെ അപമാനിക്കുന്ന വിധത്തിലുള്ള പത്രക്കുറിപ്പ് ഇറക്കുകയും ചെയ്ത പോലീസ് ഉദ്യോഗസ്ഥനെതിരെ അടിയന്തര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കൊയിലാണ്ടി സർക്കിൾ പരിധിയിലുണ്ടായിട്ടുള്ള വിവിധ കേസ്സുകൾ, പൊതുജന സുരക്ഷയ്ക്ക് ഭീഷണിയാകുന്ന തരത്തിൽ പ്രവർത്തിച്ചത് സംബന്ധിച്ച റിപ്പോർട്ടുകൾ

എന്നിവ പൊതുജന ശ്രദ്ധയിൽപ്പെടുത്തുന്നതിനായി പല തീയതികളിലായി വിവിധ പത്രവാർത്തകൾ നൽകുകയല്ലാതെ ജനപ്രതിനിധികളെ അപമാനിക്കുന്ന തരത്തിലുള്ള പത്രവാർത്തകൾ നൽകുകയോ കൊയിലാണ്ടി പോലീസിന്റെ ഭാഗത്തുനിന്ന് പൊതുജനങ്ങൾക്കെതിരെ നീതിനിഷേധ സമീപനം ഉണ്ടാകുകയോ ചെയ്തിട്ടില്ല. കൊയിലാണ്ടി പഴയ മാർക്കറ്റിനുസമീപം നാഷണൽ ഹൈവേയിൽ വാഹന ഗതാഗതം തടസ്സപ്പെടുത്തുംവിധം അക്രമാസക്തരായിനിന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥിയെയും മറ്റു രണ്ടുപേരെയും ചോദ്യം ചെയ്ത നൈറ്റ് പട്രോളിംഗ് ഡ്യൂട്ടിയിലുണ്ടായിരുന്ന കൊയിലാണ്ടി ട്രാഫിക് യൂണിറ്റിലെ പോലീസ് ഉദ്യോഗസ്ഥരെ അസഭ്യം പറയുകയും പോലീസ് ജീപ്പിൽ കയറ്റാൻ ശ്രമിച്ച പോലീസ് ഉദ്യോഗസ്ഥരെ ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്ത ടിയാളുകളെ കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ എത്തിച്ച് കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. ഈ കേസിന്റെ തെളിവെടുപ്പിനായി പ്രതിയെ സംഭവസ്ഥലത്ത് കൊണ്ടുപോകാൻ തുടങ്ങിയപ്പോൾ വീണ്ടും പോലീസിനെ അക്രമിക്കാൻ മുതിർന്ന സാഹചര്യത്തിലാണ് കൈവിലങ്ങ് വച്ച് കോടതിയിലേക്ക് കൊണ്ടുപോകേണ്ടിവന്നത്. ഇത്തരം സന്ദർഭങ്ങളിൽ നിയമമനുസരിച്ചാണ് പോലീസ് പ്രവർത്തിക്കുന്നത്.

## (11) പട്ടയം ലഭ്യമാക്കൽ

ശ്രീ. ബി. ഡി. ദേവസ്സി: ചാലക്കുടി നിയോജകമണ്ഡലത്തിലെ പെരിങ്ങൽക്കുത്ത് പുളിയിലപ്പാറയിലെ കെ.എസ്.ഇ.ബി.-യുടെ സ്ഥലത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് കെ.എസ്.ഇ.ബി.-യുടെ എൻ.ഒ.സി. റവന്യൂ വകുപ്പിന് കൈമാറാനും ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പെരിങ്ങൽക്കുത്ത് ഡാമിനോട് ചേർന്ന് പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ള അനുമതി നൽകാനും നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): എൻ.ഒ.സി. നൽകാനുള്ള നടപടി കെ.എസ്.ഇ.ബി. സ്വീകരിക്കുന്നതാണ്. പട്ടയം നൽകേണ്ടത് റവന്യൂ, ഫോറസ്റ്റ് വകുപ്പുകളാണ്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായുള്ള പൈപ്പ് ലൈൻ സ്ഥാപിക്കാനായി 26-06-2014-ൽ പെർമിസിവ് സാങ്ഷൻ നൽകിയിട്ടുണ്ട്.

## (12) ബിരുദ പ്രവേശനം നിഷേധിച്ച സംഭവം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മാഹി സ്വദേശിനിക്ക് തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജിൽ ഒന്നാം വർഷ ബിരുദ പ്രവേശനം നിഷേധിച്ച നടപടി പുന:പരിശോധിക്കാനും 02-05-2013-ന് ഇറക്കിയ ഉത്തരവിലെ അവ്യക്തത പരിഹരിക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): തലശ്ശേരി ബ്രണ്ണൻ കോളേജിലെ ബിരുദ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് അനുസരിച്ച് കേരളത്തിൽനിന്നുള്ള വിദ്യാർത്ഥികൾക്കുമാത്രമേ പ്രവേശനം നൽകാൻ കഴിയുകയുള്ളൂ. കേരളത്തിൽ പഠിച്ച് ഉയർന്ന മാർക്ക് കരസ്ഥമാക്കുകയും ബ്രണ്ണൻ കോളേജിൽ ബിരുദ പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റിൽ ഒന്നാം സ്ഥാനം നേടുകയും ചെയ്ത വിദ്യാർത്ഥിനിക്ക് സ്വദേശം കേരളത്തിലല്ലെന്ന പേരിൽ തുടർപഠനം നിഷേധിക്കുന്നതിനോട് സർക്കാരിന് യോജിപ്പില്ല. പ്രസ്തുത വിദ്യാർത്ഥിനിക്ക് ബ്രണ്ണൻ കോളേജിൽ ബിരുദ പ്രവേശനത്തിന് പ്രത്യേക അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (13) അദ്ധ്യാപക നിയമനം

ശ്രീമതി ഇ. എസ്. ബിജിമോൾ: ആർ.എം.എസ്.എ. പദ്ധതിപ്രകാരമുള്ള പീരുമേട് താലൂക്കിലെ മൂന്ന് സ്കൂളുകളിലും തമിഴ് റ്റി.റ്റി.ഐ.-കളിലും ആവശ്യമായ അദ്ധ്യാപക തസ്തിക സൃഷ്ടിച്ച് നിയമനം നടത്താനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): ആർ.എം.എസ്.എ. പദ്ധതിപ്രകാരം ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്ത യു.പി. സ്കൂളുകളിൽ ഏഴ്

തസ്തികകൾക്ക് മാത്രമാണ് എം.എച്ച്.ആർ.ഡി.-യുടെ അനുവാദമുള്ളത്. ഇടുക്കി ജില്ലയിലെ പാമ്പനാർ, വഞ്ചിവയൽ സ്കൂളുകൾക്കും ഇതേ മാനദണ്ഡമാണ് ബാധകമായിട്ടുള്ളത്. അധികമായി ആവശ്യം വരുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ശമ്പളം ആർ.എം.എസ്.എ. നിയമാവലി പ്രകാരം സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. അപ്ഗ്രേഡ് ചെയ്യപ്പെട്ട സ്കൂളുകളിലും അപ്ഗ്രേഡ് ചെയ്യുന്നതിന്റെ മുന്നോടിയായി എട്ടാം ക്ലാസ്സ് ആരംഭിച്ച സ്കൂളുകളിൽ ഒമ്പതാം ക്ലാസ്സ് ആരംഭിക്കുന്നതിനും പഠനം മുടങ്ങാതിരിക്കാനായി അദ്ധ്യാപകരെ നിയമിക്കുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കുമിളി ഗവൺമെന്റ് റ്റി.റ്റി.ഐ.യിൽ തമിഴ് ടീച്ചർമാരെ നിയമിക്കണമെന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

## (14) പോളിടെക്നിക്ക് അനുവദിക്കൽ

ശ്രീ. ആർ. രാജേഷ്: വിദ്യാഭ്യാസ മേഖലയിൽ ഉന്നത നിലവാരം പുലർത്തുന്ന മാവേലിക്കരയിൽ ഒരു പോളിടെക്നിക്ക് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): മാവേലിക്കര മണ്ഡലമുൾപ്പെടുന്ന ആലപ്പുഴ ജില്ലയിൽ മൂന്ന് പോളിടെക്നിക്കുകളിലായി 540 സീറ്റുകളും പത്തനംതിട്ട ജില്ലയിലെ അടൂർ, വെണ്ണിക്കുളം, വെച്ചൂച്ചിറ ഗവൺമെന്റ് പോളിടെക്നിക്കുകൾ, പന്തളം എൻ.എസ്.എസ്. പോളിടെക്നിക്ക് എന്നീ സ്ഥാപനങ്ങളിലായി 900 സീറ്റുകളും നിലവിലുണ്ട്. ഹരിപ്പാട്, വിളപ്പിൽശാല, മുക്കം എന്നിവിടങ്ങളിൽ പോളിടെക്നിക് ആരംഭിക്കുമെന്നും മാനന്തവാടി ടെക്നിക്കൽ സ്കൂൾ പോളിടെക്നിക്കായി അപ്ഗ്രേഡ് ചെയ്യുമെന്നുമുള്ള ബഡ്ജറ്റ് നിർദ്ദേശമുണ്ടായിരുന്നുവെങ്കിലും സാമ്പത്തിക സ്ഥിതി അനുകൂലമല്ലാത്തതിനാൽ ഇവ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കൂടുതൽ പോളിടെക്നിക്കുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (15) സ്കൂൾ ബസ്സുകളിൽ പെയിന്റ് മാറ്റൽ

ശ്രീ. രാജു എബ്രഹാം : സ്കൂൾ ബസ്സുകളിൽ മഞ്ഞ പെയിന്റ് മാറ്റി ഗോൾഡൻ മഞ്ഞ പെയിന്റ് അടിക്കണമെന്ന പുതിയ നിർദ്ദേശംമൂലം സ്കൂൾ പി.റ്റി.എ.-കൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടിയുണ്ടാകണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): മാർച്ച് മാസത്തിലാണ് ഇത്തരമൊരു നിർദ്ദേശം കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചത്. സ്കൂളുകൾ പി.റ്റി.എ.-കളുടെ പ്രയാസം കണക്കിലെടുത്ത് അടുത്ത ടെസ്റ്റിംഗിന് മുമ്പ് ഗോൾഡൻ മഞ്ഞയാക്കി മാറ്റം വരുത്തിയാൽ മതിയെന്ന് നിർദ്ദേശം കൊടുക്കുകയും അടുത്ത ടെസ്റ്റിംഗ് വരെ നിലവിലുള്ള രീതി തുടരാനുള്ള അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്.

## (16) അടിസ്ഥാന-അക്കാദമിക് സൗകര്യങ്ങളുടെ അപര്യാപ്തത

ശ്രീ. എ. കെ. ബാലൻ: പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തനം ആരംഭിച്ച കുഴൽമന്ദം എം.ആർ.എസ്സിൽ അടിസ്ഥാന-അക്കാദമിക് സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന കുഴൽമന്ദം മോഡൽ റസിഡൻഷ്യൽ സ്കൂൾ പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ 01-11-2013-ൽ പ്രവർത്തനം ആരംഭിക്കുകയും അഞ്ച് മുതൽ ഒമ്പത് വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ ഹോസ്റ്റൽ സൗകര്യം, ഭക്ഷണം, പഠന

സൗകര്യങ്ങൾ എന്നിവ നൽകി മികച്ച വിദ്യാഭ്യാസം നടപ്പിലാക്കി വരികയുമാണ്. സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ ഗ്യാസ് ഇൻസ്റ്റലേഷൻ, ഗ്രൈൻഡർ, സ്റ്റബിലൈസർ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയതിനുപുറമെ 10.42 ലക്ഷം രൂപയുടെ ഫർണ്ണിച്ചറുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ആറ് സ്ഥിരം ജീവനക്കാരും പതിനൊന്ന് കരാർ-ദിവസ വേതനാടിസ്ഥാനത്തിലുള്ളവരും അവിടെ ജോലി ചെയ്യുന്നുണ്ട്. നിയമനങ്ങൾ നടത്താനുള്ള നടപടികളെടുത്തുവരികയാണ്. ചുറ്റുമതിൽ നിർമ്മാണം, കമ്പി വേലി സ്ഥാപിക്കൽ, അഴുക്കുചാൽ നിർമ്മാണം, കളിസ്ഥല നിർമ്മാണം, ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കൽ, വൈദ്യുതീകരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ലൈബ്രറി, ലബോറട്ടറി, കമ്പ്യൂട്ടറുകൾ തുടങ്ങിയ അക്കാദമിക് സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുന്നതാണ്.

## (17) മായം ചേർക്കൽ തടയൽ

ശ്രീ. പി. ഉബൈദുള്ള: ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ തടയുന്നതിനായി

കർശന പരിശോധന നടത്താനും ഫലപ്രദമായ സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിനുമായി നഗരസഭകളിലെ ആരോഗ്യ പരിശോധന വിഭാഗത്തെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കൽ തടയുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും നഗരസഭകൾക്കുണ്ടായിരുന്ന അധികാരം 2006-ലെ ഫുഡ് സേഫ്റ്റി ആക്ട് പ്രകാരം ആരോഗ്യ വകുപ്പിന് കീഴിലുള്ള ഫുഡ് സേഫ്റ്റി കമ്മീഷണറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. എല്ലാ നിയോജകമണ്ഡലങ്ങളിലും ഭക്ഷ്യ സുരക്ഷാ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും മറ്റ് വകുപ്പുകളുടെ കൂട്ടായ പ്രവർത്തനം കൊണ്ടുമാത്രമേ സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കഴിയൂ. ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ തടയുന്നതിനും ഭക്ഷ്യവസ്തുക്കളുടെ ശുചിത്വം, സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനും ഫുഡ് സേഫ്റ്റി കമ്മീഷണറുമായും ആരോഗ്യ വകുപ്പുമായും കൂടിയാലോചിച്ച് ഫലപ്രദമായ നടപടി സ്വീകരിക്കുന്നതാണ്.

## (18) വിദ്യാഭ്യാസ വായ്പയ്ക്ക് പലിശ ഇളവ്

ശ്രീ. തോമസ് ഉണ്ണിയാടൻ: കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിച്ച

വിദ്യാഭ്യാസ വായ്പയുടെ പലിശയിളവ് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): കേന്ദ്ര ഗവൺമെന്റ് 2004 മുതലുള്ള നാലരലക്ഷം രൂപ വരെയുള്ള എല്ലാ വിദ്യാഭ്യാസ വായ്പകൾക്കും പലിശയിളവ് പ്രഖ്യാപിച്ചതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് ബാധ്യതയില്ല. പലിശയിളവ് നൽകുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ച് അപേക്ഷ ക്ഷണിക്കുകയും ലഭിച്ച അപേക്ഷകൾ പ്രോസസ് ചെയ്തുകൊണ്ടിരിക്കുകയുമാണ്. കേന്ദ്രഗവൺമെന്റിന്റെയും ആർ.ബി.ഐ.യുടെയും നിർദ്ദേശമനുസരിച്ചുള്ള വായ്പാ സൗകര്യം ലഭിക്കേണ്ടതുള്ളതിനാൽ ബാങ്കുകൾ വിദ്യാഭ്യാസ വായ്പകൾ അനുവദിക്കാത്ത പ്രശ്നം സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്. വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട റവന്യൂ നടപടികൾ നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകുന്നതാണ്.

## (19) ശമ്പളപരിഷ്കരണം

(ഈ വിഷയം സംബന്ധിച്ച് ശ്രീ. കെ. കെ. നാരായണനും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. സണ്ണി ജോസഫ്: പേരാവൂർ നിയോജകമണ്ഡലത്തിലെ ആറളം

പഞ്ചായത്തിലെ ആറളം ഫാമിലെ ജീവനക്കാർ നടത്തുന്ന സമരം അവസാനിപ്പിക്കുന്നതിനും ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): 7-11-2013-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആറളം ഫാമിലെ തൊഴിലാളികളുടെ വേതന പരിഷ്കരണത്തിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്മേൽ ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് എത്രയുംവേഗം തീരുമാനം കൈക്കൊള്ളുന്നതിനും കാഷ്വൽ തൊഴിലാളികളെ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് സ്ഥിരപ്പെടുത്തുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. വേതന പരിഷ്കരണം നടപ്പിലാക്കുന്നതുവരെ നിലവിലുള്ള ശമ്പളത്തിന്റെ 20 ശതമാനം ഇടക്കാലാശ്വാസമായി നൽകുന്നതാണ്.

## (20) ഗിരിവർഗ്ഗ കോളനിയിലേയ്ക്ക് വൈദ്യുതി ലൈൻ സ്ഥാപിക്കൽ

ശ്രീ. സാജു പോൾ: പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ പോങ്ങൻചുവട് ഗിരിവർഗ്ഗ കോളനിയിലേയ്ക്ക് വൈദ്യുതി ലൈൻ സ്ഥാപിക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പ്രസ്തുത സ്ഥലം സന്ദർശിക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും

വകുപ്പുമന്ത്രി (<u>കുമാരി പി. കെ. ജയലക്ഷ്മി</u>): വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ പോങ്ങൻചുവട് ഗിരിവർഗ്ഗ കോളനി വൈദ്യുതീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിനായി കെ.എസ്.ഇ.ബി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കോളനിയിൽ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭ്യമാകുകയും കോളനിയിലേയ്ക്കുള്ള റോഡ് നിർമ്മാണത്തിന് എം.പി. ഫണ്ടിൽനിന്ന് 80 ലക്ഷം രൂപ അനുവദിച്ച് കിട്ടുകയും ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലാ പഞ്ചായത്തിന്റേയും സ്ഥലം എം.എൽ.എ.യുടേയും ഫണ്ട് ഉപയോഗിച്ച് കോളനിയിലുള്ള കലുങ്കുകൾ പുനർനിർമ്മിക്കുന്നതും പ്രസ്തുത കോളനി സന്ദർശിക്കുന്നതുമാണ്.

## (21) <u>റോഡുകളുടെ തകർച്ച</u>

<u>ശ്രീ. എം. എ. വാഹിദ്</u>: ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിച്ചതുമൂലം തകർന്ന റോഡുകൾ പുന:സ്ഥാപിക്കുന്നതിനും പൈപ്പ് ലൈനുകളുടെ അറ്റകുറ്റപ്പണികൾ നടത്തി കുടിവെള്ള വിതരണം പുന:സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>): തിരുവനന്തപുരം നഗരത്തിൽ ജപ്പാൻ ധനസഹായത്തോടെ നടപ്പാക്കി വരുന്ന ശുദ്ധജലവിതരണ വിപുലീകരണ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്ത്

ജലവിതരണ ടാങ്കുകൾ കമ്മീഷൻ ചെയ്ത് ജലവിതരണം മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ജപ്പാൻ, ജൻറം കുടിവെള്ള പദ്ധതികളുടെ കരാർ പ്രകാരം അറ്റകുറ്റപ്പണികൾ നടത്തേണ്ടത് കരാറുകാരുടെ ചുമതലയായതിനാൽ ചോർച്ചമൂലം തകർന്ന റോഡുകൾ നന്നാക്കുന്നതിനുള്ള തുക കരാറുകാരിൽനിന്നും ഈടാക്കി ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകുന്നതാണ്. കരാറുകാർ സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തുന്നില്ലെങ്കിൽ ബന്ധപ്പെട്ട വാട്ടർ അതോറിറ്റി ഓഫീസിൽ നിന്നും പണി നടത്തി ജലവിതരണം സുഗമമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## (22) ചിത്താരി കടപ്പുറത്തെ കടലാക്രമണം

ശ്രീ. ഇ. ചന്ദ്രശേഖരൻ: കാസർഗോഡ് ജില്ലയിലെ അജാനൂർ പഞ്ചായത്തിലെ ചിത്താരി കടപ്പുറത്ത് കടലാക്രമണംമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും കടൽഭിത്തി നിർമ്മിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): കാസർഗോഡ് ജില്ലയിലെ അജാനൂർ പഞ്ചായത്തിലെ ചിത്താരി കടപ്പുറത്തെ കടലാക്രമണം തടയുന്നതിനായി ഒരു കിലോമീറ്റർ നീളത്തിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനായി 595 ലക്ഷം രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. നബാർഡിൽനിന്നും ധനസഹായം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ എത്രയും വേഗം ഏറ്റെടുക്കുന്നതാണ്.

## (23) മുനയം റഗുലേറ്റർ നിർമ്മാണം

ശ്രീമതി ഗീതാ ഗോപി: നാട്ടിക നിയോജകമണ്ഡലത്തിലെ കുരുവന്നൂർ പുഴയ്ക്ക് കുറുകെയുള്ള മുനയം റഗുലേറ്റർ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): നാട്ടിക നിയോജക മണ്ഡലത്തിലെ കുരുവന്നൂർ പുഴയ്ക്കു കുറുകെയുള്ള മുനയം റഗുലേറ്റർ നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ തുക ഉൾപ്പെടെ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ എസ്റ്റിമേറ്റ് സി.പി.ഡബ്ല്യൂ.ഡി നിരക്കിൽ പുതുക്കി തയ്യാറാക്കി വരുന്നു. അപ്രോച്ച് റോഡിനായി അക്വയർ ചെയ്യേണ്ട സ്ഥലത്തിന്റെ അവകാശികളിൽനിന്നും സമ്മത പത്രം വാങ്ങുന്നതിനും ലാന്റ് മാർക്ക് ചെയ്യുന്നതിനും ഡിസൈൻ തയ്യാറാക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികളും റിവൈസ്ഡ് എസ്റ്റിമേറ്റും പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (24) ബി.പി.എൽ. റേഷൻ കാർഡാക്കി മാറ്റൽ

ശ്രീ. വി. എസ്. സുനിൽ കുമാർ: മാരകരോഗം ബാധിച്ചവരുൾപ്പെടെയുള്ള അർഹതപ്പെട്ട എല്ലാപേരുടെയും റേഷൻ കാർഡ് ബി.പി.എൽ കാർഡായി

മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ബി.പി.എൽ. കാർഡ് അനുവദിക്കുന്നതു സംബന്ധിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവിലെ മാനദണ്ഡങ്ങൾ 27/04/2012-ൽ പുനർനിർണ്ണയിച്ച് ഉത്തരവായിട്ടുള്ളതും 80873 എ.പി.എൽ കാർഡുകൾ ബി.പി.എൽ കാർഡുകളാക്കി മാറ്റി നൽകിയിട്ടുള്ളതും മാരക രോഗം ബാധിച്ചവർക്ക് മുൻഗണന നൽകി വരുന്നതുമാണ്. അനർഹരായ ബി.പി.എൽ. കാർഡുടമകളെ കണ്ടെത്തുന്നതിന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പ്രത്യക സ്ക്വാഡുകൾ രൂപീകരിച്ച് നടത്തിവരുന്ന പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് അർഹരായവർക്കെല്ലാം ബി.പി.എൽ. കാർഡ് നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

## (25) നഷ്ടപരിഹാരം

ശ്രീ. റ്റി. യു. കുരുവിള: കോതമംഗലം നിയോജക മണ്ഡലത്തിലെ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ വടാട്ടുപാറ പ്രദേശത്തുണ്ടായ പ്രകൃതിക്ഷോഭത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും കടപുഴകി വീണ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് നിർദ്ദേശം നൽകുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): പ്രകൃതിക്ഷോഭത്തിൽ പ്രസ്തുത പ്രദേശത്തെ കാർഷിക നഷ്ടം ഏകദേശം 7,62,000 രൂപയായി

കണക്കാക്കിയിട്ടുണ്ട്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ജില്ലയ്ക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽനിന്നും അനുവദിച്ചുകൊടുത്തിട്ടുള്ള തുകയിൽനിന്നും അർഹമായ തുക അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

## (26) റോഡിന് സ്ഥലം ഏറ്റെടുക്കൽ

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: കൊടുവള്ളി നിയോജക മണ്ഡലത്തിലെ നരിക്കുനി ടൗണിൽ റിംഗ് റോഡിനാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ച് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): പ്രസ്തുത റോഡിനുവേണ്ട സ്ഥലം ഏറ്റെടുക്കുന്നതിനായി അലൈൻമെന്റ് സ്റ്റോൺ സ്ഥാപിച്ചുവെങ്കിലും 01/01/2014 മുതൽ പുതിയ ലാന്റ് അക്വിസിഷൻ ആക്ട് നിലവിൽ വന്നതിനാൽ ടി ആക്ടിലെ ചട്ടങ്ങൾ രൂപീകരിച്ചതിനുശേഷം മാത്രമേ സ്ഥലമെടുപ്പ് നടപടികൾ തുടങ്ങുന്നതിന് നിർവ്വാഹമുള്ളൂ. നേരത്തേതന്നെ ആരംഭിച്ച നടപടികൾ ആയതിനാൽ സ്ഥലമെടുപ്പ് നടപടികളിലുള്ള കാലതാമസം ഒഴിവാക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

## (27) ഭൂനികുതി സ്വീകരിക്കൽ

ശ്രീ. സി. കൃഷ്ണൻ: പയ്യന്നൂർ നിയോജക മണ്ഡലത്തിലെ പട്ടയ പ്രശ്നം പരിഹരിക്കുന്നതിനും ഭൂനികുതി സ്വീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): പയ്യന്നൂർ നിയോജക മണ്ഡലത്തിലെ മിച്ചഭൂമി കയ്യേറിയതും മിച്ചഭൂമിയാണെന്ന് അറിയാതെ വാങ്ങിയതുമായ ഏകദേശം 1050-ഓളം കൈവശക്കാരിൽനിന്ന് ഭൂനികുതി സ്വീകരിക്കാത്തതു സംബന്ധിച്ച് കോടതികളിലും ലാന്റ് ബോർഡിലുമുള്ള കേസ്സുകൾ തീർപ്പാകുന്ന മുറയ്ക്ക് മാത്രമേ ഭൂനികുതി സ്വീകരിക്കുന്നതിന് നിർവ്വാഹമുള്ളൂ. വർഷങ്ങളായി താമസിക്കുന്നവരിൽനിന്നും നികുതി സ്വീകരിക്കാത്തതുൾപ്പെടെയുള്ള വിഷയങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി നടപടി സ്വീകരിക്കുന്നതാണ്.

## (28) ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കൽ

ശ്രീ. സി. കെ. സദാശിവൻ: കായംകുളം താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ജീവനക്കാരുടെ കുറവ് പരിഹരിച്ച് ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കായംകുളം താലൂക്ക് ആശുപത്രിയിൽ ആവശ്യമായ തസ്തികകൾ അനുവദിക്കുകയും ഒഴിവുള്ള 4 ഡോക്ടർമാരുടെ തസ്തികയിൽ എൻ. ആർ.എച്ച്.എം. മുഖേന നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനും സർജനെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## (29) വിഴിഞ്ഞം പി.എച്ച്.സി. താലൂക്ക് ആശുപത്രിയാക്കൽ

ശ്രീമതി ജമീലാ പ്രകാശം: വിഴിഞ്ഞം പ്രാഥമികാരോഗ്യ കേന്ദ്രത്തെ താലൂക്ക് ആശുപത്രിയുടെയോ ജില്ലാ ആശുപത്രിയുടെയോ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): തീരദേശ മേഖല എന്ന പ്രത്യേക പരിഗണനയിൽ വിഴിഞ്ഞം പ്രാഥമികാരോഗ്യ കേന്ദ്രത്തെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## (30) നഴ്സുമാരുടെ നിയമനം

ശ്രീ. എൻ. ഷംസുദ്ദീൻ: ആരോഗ്യ വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ സ്റ്റാഫ് നഴ്സ് തസ്തികയിലെ (എൻസിഎ- ധീവര/മുസ്ലിം) റാങ്ക് ലിസ്റ്റിൽനിന്ന്

പി.എസ്.സി. അഡ്വൈസ് ചെയ്തവർക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II എൻ.സി.എ. റാങ്ക് ലിസ്റ്റിൽനിന്നുള്ളവർക്ക് നിയമനം ലഭിച്ചില്ലെന്ന പരാതി പരിശോധിക്കുകയും ഇപ്പോൾ ഒഴിവുള്ള തസ്തികകളിലേയ്ക്ക് സീനിയോറിറ്റി അനുസരിച്ച് നിയമനം നടത്തുകയും ശേഷിക്കുന്നവരെ നിയമിക്കുന്നതിനായി സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്യുന്നതാണ്.

## (31) കാസർഗോഡ് ജനറൽ ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: കാസർഗോഡ് ജനറൽ ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): മികച്ച രീതിയിൽ പ്രവർത്തിക്കുന്ന കാസർഗോഡ് ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവുള്ള തസ്തികകളിൽ അഡ്ഹോക് വ്യവസ്ഥയിലും സി.ടി. സ്കാൻ പ്രവർത്തിപ്പിക്കുന്നതിന് കരാർ അടിസ്ഥാനത്തിലും നിയമനം നടത്തിയിട്ടുണ്ട്. നബാർഡ് പദ്ധതിയിലുൾപ്പെടുത്തി പുതിയ കെട്ടിടം

നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആശുപത്രിയിലെ നിലവിലുള്ള സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി ബന്ധപ്പെട്ടവരുടെ ഒരു യോഗം ആഗസ്റ്റ് മാസത്തിൽ വിളിച്ചുചേർക്കുന്നതാണ്.

## (32) കൊടുങ്ങല്ലൂർ ബൈപ്പാസിന്റെ സർവ്വീസ് റോഡ്

ശ്രീ. റ്റി. എൻ. പ്രതാപൻ: നാഷണൽ ഹൈവേ 17-ൽ കൊടുങ്ങല്ലൂർ ബൈപ്പാസിലെ സർവ്വീസ് റോഡ് യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർവ്വീസ് റോഡിന് തുക വകയിരുത്താതിരുന്നതിനാൽ പ്രസ്തുത റോഡ് പൂർത്തിയാക്കാൻ സാധിച്ചില്ല. അതുകൊണ്ട് പൂർത്തീകരിച്ച ബൈപ്പാസ് റോഡ് തുറന്നുകൊടുക്കാൻ സ്ഥലം വിട്ടുനൽകിയ ജനങ്ങൾ അനുവദിക്കുന്നില്ല. ബൈപ്പാസ് റോഡ് തുറന്നുകൊടുക്കുന്നതിന് സ്ഥലം എം.എൽ.എ. മുൻകയ്യെടുക്കണം. കേന്ദ്രഗവൺമെന്റിന്റെ ആനുവൽ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നപക്ഷം പി.ഡബ്ല്യൂ.ഡി. തന്നെ സർവ്വീസ് റോഡ് പൂർത്തിയാക്കുന്നതാണ്.

## (33) മൂവാറ്റുപുഴ ബൈപ്പാസ്

ശ്രീ. ജോസഫ് വാഴക്കൻ: കൊച്ചി-ധനുഷ്കോടി നാഷണൽ ഹൈവേയിൽ

മൂവാറ്റുപുഴ ബൈപ്പാസ് പണിയാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): മൂവാറ്റുപുഴ ടൗണിൽ ദേശീയ പാത 47-ൽ കാരക്കുന്നം മുതൽ കടാതി വരെയുള്ള ബൈപ്പാസിന്റെ നിർമ്മാണത്തിനായി 45 മീറ്റർ വീതിയിൽ ഏകദേശം 22.81 ഹെക്ടർ സ്ഥലം ആവശ്യമാണ്. കേന്ദ്രമന്ത്രാലയത്തിന്റെ വാർഷിക പദ്ധതിയിൽ ഇതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ശുപാർശ കേന്ദ്രമന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്.

## (34) കോൺവെന്റ് ബീച്ച് പാലം

ശ്രീ. എസ്. ശർമ്മ: വൈപ്പിൻ മണ്ഡലത്തിൽ പള്ളിപ്പുറം പഞ്ചായത്തിലെ കോൺവെന്റ് ബീച്ചിൽ പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കോൺവെന്റ് ജംഗ്ഷനെയും ബീച്ച് റോഡിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കോൺവെന്റ് ബീച്ച് പാലം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നുവെങ്കിലും പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിരുന്നില്ല. അതിനായി പത്തൊമ്പത് കോടി അമ്പത് ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ അനുവദിച്ച തുക പരിമിതമായതിനാൽ ആർ.ഐ.ഡി.എഫ്. 20-ൽ ഉൾപ്പെടുത്തി പാലം നിർമ്മിക്കുന്നതിന് ഭരണാനുമതി

നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (35) റിംഗ് റോഡ് യാഥാർത്ഥ്യമാക്കൽ

ശ്രീ. ബാബു. എം. പാലിശ്ശേരി: തൃശ്ശൂർ ജില്ലയിൽ കുന്ദംകുളം ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് റിംഗ് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കുന്ദംകുളം ടൗണിൽ റിംഗ് റോഡ് നിർമ്മിക്കുന്നതിനായി ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് ആലോചിക്കുന്നതിനായി യോഗം വിളിച്ചുചേർക്കുന്നതാണ്.

## (36) ചെങ്കുളം-കല്ലുവാതുക്കൽ-വേളമാനൂർ റോഡ് ഗതാഗതയോഗ്യമാക്കൽ

ശ്രീ. ജി. എസ്. ജയലാൽ: ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ചെങ്കുളം-കല്ലുവാതുക്കൽ-വേളമാനൂർ റോഡ് നവീകരിച്ച് ഗതാഗതയോഗ്യമാക്കുന്നതിന് ഭരണാനുമതി നൽകണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): ചെങ്കുളം-കല്ലുവാതുക്കൽ-വേളമാനൂർ റോഡ് നവീകരിച്ച് ഗതാഗതയോഗ്യമാക്കുന്നതിനായി ലഭിച്ചിട്ടുള്ള 7 കോടി രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ച്

ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്നതാണ്.

## (37) ചങ്ങാടക്കടവ് പാലം നിർമ്മാണം

ശ്രീ. എ. റ്റി. ജോർജ്: പാറശ്ശാല നിയോജക മണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്തിലെ ചങ്ങാടക്കടവിൽ പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): പാറശ്ശാല നിയോജക മണ്ഡലത്തിലെ ചങ്ങാടക്കടവിൽ പാലം നിർമ്മിക്കുന്നതിന് ആർ.ഐ.ഡി.എഫ് 18-ൽ ഉൾക്കൊള്ളിച്ച് ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് സമർപ്പിച്ചെങ്കിലും പൊതുമരാമത്ത് വകുപ്പിനുള്ള സെക്ടർ അലോക്കേഷൻ തുക പരിമിതമായിരുന്നതിനാൽ പരിഗണിക്കാൻ സാധിച്ചില്ല. 2014-15-ലെ ആർ.ഐ.ഡി.എഫ്. 20-ൽ മതിയായ സെക്ടർ അലോക്കേഷൻ തുക പൊതുമരാമത്ത് വകുപ്പിന് ലഭ്യമാകുകയാണെങ്കിൽ ഇക്കാര്യം പരിഗണിക്കുന്നതാണ്.

## (38) റോഡുകളുടെ അറ്റകുറ്റപ്പണികൾ

ഡോ. കെ. ടി. ജലീൽ: തവനൂർ നിയോജക മണ്ഡലത്തിൽ കേബിൾ സ്ഥാപിക്കുന്നതിന് കുഴിയെടുത്തതുമൂലം തകർന്ന ചമ്രവട്ടം-പുറത്തൂർ- ആലത്തിയൂർ-പള്ളിക്കടവ് റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : തവനൂർ നിയോജക മണ്ഡലത്തിൽ കേബിൾ സ്ഥാപിക്കുന്നതിന് കുഴിയെടുത്തതുമൂലം തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (39) ഗട്ടറിൽ വീണ് മരണം

ശ്രീ. മാത്യു റ്റി. തോമസ്: തിരുവല്ല നിയോജക മണ്ഡലത്തിലെ മല്ലപ്പള്ളിയിൽ പി.ഡബ്ള്യു.ഡി റോഡിന്റെ നടുക്ക് രൂപപ്പെട്ട ഗട്ടറിൽ വീണ് വീട്ടമ്മ ദാരുണമായി മരിക്കാനിടയായ സംഭവത്തെക്കുറിച്ച് അന്വേഷിച്ച് നഷ്ടപരിഹാരം നൽകുന്നതിനും റോഡ് ഗതാഗതയോഗ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സംസ്ഥാനത്തെ റോഡുകളിൽ മഴയ്ക്കുശേഷം രൂപപ്പെട്ടുവന്ന കുഴികൾ നികത്തുന്നതിന് ഓരോ ഡിവിഷനും ഒരു കോടി രൂപ വീതം നൽകിയിട്ടുണ്ട്. റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള കരാറുകൾ ഏറ്റെടുക്കുന്നതിന് കരാറുകാർ തയ്യാറാകാതെ വരുന്ന സാഹചര്യത്തിൽ ജോലികൾ നേരിട്ട് നിർവ്വഹിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മല്ലപ്പള്ളിയിൽ ഉണ്ടായ അപകടത്തെക്കുറിച്ച് ഡിപ്പാർട്ടുമെന്റ് തലത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മല്ലപ്പള്ളിയിൽ വച്ച് മരണപ്പെട്ട വീട്ടമ്മയുടെ

കുടുംബത്തിന് ധനസഹായം നൽകുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി VII-ന്റെ ചട്ടം 239(3) പ്രകാരം കമ്മിറ്റിയുടെ ചർച്ചയുടെ ഒരു സംക്ഷേപം സമർപ്പിക്കപ്പെട്ടു.

(2) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തഞ്ചാമതും ഇരുപത്താറാമതും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(3) മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(4) നെല്ലിയാമ്പതി കരുണാ എസ്റ്റേറ്റിന് കരം അടയ്ക്കുന്നതിനുള്ള അനുമതിയുമായി ബന്ധപ്പെട്ട റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ധനകാര്യം

### 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകൾ

അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതിന് യാതൊരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. കോടതി നിർദ്ദേശിച്ചിട്ടും മദ്യനയം സംബന്ധിച്ച് വ്യക്തമായ തീരുമാനമെടുക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ പൊതുകടം വലിയതോതിൽ വർദ്ധിക്കുന്നു. കോടിക്കണക്കിന് രൂപയുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നില്ല. വിനിയോഗത്തിലെ പാളിച്ച കാരണം വകുപ്പുകൾക്ക് ലഭ്യമാകുന്ന ഫണ്ടിന്റെ പകുതിയിലധികവും ലാപ്സായി പോകുകയാണ്. നെല്ല് സംഭരണത്തിനായി പ്രഖ്യാപിച്ച തുകയും തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട തുകയും നൽകിയിട്ടില്ല. കേന്ദ്ര പദ്ധതി വിഹിതം ചെലവഴിക്കുന്നതിൽ നിരുത്തരവാദപരമായ സമീപനമാണ് വകുപ്പുമന്ത്രിമാരുടെ ഭാഗത്തുനിന്നുണ്ടാകുന്നത്. സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം കുത്തഴിഞ്ഞ ധനകാര്യ മാനേജ്മെന്റാണ്.

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക ട്രഷറികളിൽനിന്ന് ഇംപ്ലിമെന്റിംഗ്

ഏജൻസികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. കള്ളപ്പണം പിടിച്ചെടുക്കുന്നതിനായി ധനകാര്യ വകുപ്പ് പോലീസ് ഡിപ്പാർട്ട്മെന്റുമായി ചേർന്ന് പദ്ധതി തയ്യാറാക്കണം. സ്വർണ്ണത്തിന്മേലുള്ള നികുതി വർദ്ധിപ്പിക്കണം. പ്ലസ്‌വൺ അഡ്മിഷനുള്ള ഏകജാലക സംവിധാനം പിൻവലിക്കുകയും സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെയും നഴ്സുമാരുടെയും ഒഴിവുകൾ നികത്തുകയും വേണം. പൊതുമേഖലാ സ്ഥാപനമായ അഗ്രോ ഫ്രൂട്ട്സ് പ്രോസ്സസിംഗ് കമ്പനിക്ക് വർക്കിംഗ് ക്യാപ്പിറ്റലായി ഒന്നരക്കോടി രൂപ ലഭ്യമാക്കണം. സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ ഒരു ഭവന നിർമ്മാണ പദ്ധതി പ്രഖ്യാപിക്കുകയും സംസ്ഥാനത്തെ എല്ലാ ടൂറിസം കേന്ദ്രങ്ങളിലും ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുകയും വേണം. കോൺട്രാക്ടർമാരുടെ കുടിശ്ശിക തുക പൂർണ്ണമായും കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. രാജു</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. എല്ലാ കുട്ടികൾക്കും പ്ലസ്‌വൺ അഡ്മിഷൻ ഉറപ്പാക്കുന്നതിനായി എല്ലാ സ്കൂളുകളിലും ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിക്കണം. ഡിസാസ്റ്റർ മാനേജ്മെന്റിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന തുക കൃത്യമായി വിനിയോഗിക്കാൻ ഗവൺമെന്റിന് സാധിക്കുന്നില്ല. കെ.എസ്.ആർ.ടി.സി.-യുടെ കടബാധ്യത കുറയ്ക്കുന്നതിനുവേണ്ടി തുക വകയിരുത്തണം. വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിലെ

സ്വജനപക്ഷപാതം അവസാനിപ്പിക്കണം. ഇ.എം.എസ്./എം.എൻ. ലക്ഷംവീട് ഭവന പദ്ധതികൾ അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാരിന്റെ മെച്ചപ്പെട്ട വികസന പ്രവർത്തനങ്ങളുടെ ഫലമായി സാമ്പത്തിക വളർച്ച കൈവരിക്കാനും ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും സാധിച്ചിട്ടുണ്ട്. പുതിയ സർവ്വകലാശാലകൾ ആരംഭിച്ച് ഉന്നത വിദ്യാഭ്യാസ മേഖലയുടെ അടിത്തറ വിപുലപ്പെടുത്തുന്നതിനും റോഡുകൾ ലോകോത്തര നിലവാരമുള്ളതാക്കി മാറ്റുന്നതിനും ഹൈടെക് കൃഷി രീതികൾ അവലംബിക്കുന്നതിനും നടപടി സ്വീകരിച്ചത് ശ്ലാഘനീയമാണ്.

ശ്രീ. സി. കെ. നാണു: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. മലബാർ മേഖലകളിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയം കൈവരിച്ച കുട്ടികൾക്ക് പഠന സൗകര്യങ്ങളേർപ്പെടുത്തുന്നതിനും ക്ഷേത്രക്കുളങ്ങളുടെ പുനരുദ്ധാരണത്തിന് ആവശ്യമായ ഫണ്ട് വകയിരുത്തുന്നതിനും ചെലവഴിക്കാതെ കിടക്കുന്ന കേന്ദ്രവിഹിതം ഉപയോഗിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ചീഫ് വിപ്പ് (<u>ശ്രീ. പി. സി. ജോർജ്</u>): ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എം.എൽ.എ.മാരുടെ ആവശ്യങ്ങളിന്മേൽ സർക്കാർ ഉദ്യോഗസ്ഥർ സ്വീകരിക്കുന്ന നിലപാട് പ്രതിഷേധാർഹമാണ്. കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനോട് കാണിക്കുന്ന അവഗണന അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. റബ്ബറിന്റെ വിലയിടിവ് റബ്ബർ കർഷകരെ ദുരിതത്തിലാക്കിയിരിക്കുകയാണ്. റബ്ബർ സംഭരണം പ്രാവർത്തികമാക്കാനും കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്താനും നടപടി സ്വീകരിക്കണം. ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് കക്ഷി രാഷ്ട്രീയത്തിനതീതമായ നിലപാട് സ്വീകരിക്കണം.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനോ നിയമസഭയിൽ നൽകുന്ന അഷ്വറൻസ് നടപ്പാക്കാനോ സർക്കാരിന് കഴിയുന്നില്ല. കാർഷിക കടംമൂലം ആത്മഹത്യ ചെയ്ത കർഷകന്റെ കുടുംബത്തിന് ധനസഹായം നൽകാനോ ഞാറനീലി ട്രൈബൽ സ്കൂളിന്റെ മേൽക്കൂര നശിച്ചത് പുന:സ്ഥാപിക്കാനോ

യാതൊരുനടപടിയും സ്വീകരിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ വർഷം നൽകിയ തുക മുഴുവനും ചെലവാക്കിയിട്ടില്ല. ഇ.എം.എസ്. ഭവന പദ്ധതിക്കുപകരം ആവിഷ്ക്കരിച്ച ഐ.എ.വൈ. ഭവന പദ്ധതിയെ തകർക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. ടെണ്ടർ എക്സസ് നൽകാത്തതിനാൽ പി.എം.ജി.എസ്.വൈ.-ൽ ഉൾപ്പെട്ട റോഡുകളുടെ പണി പൂർത്തീകരിക്കാൻ കഴിയുന്നില്ല. വിദ്യാഭ്യാസ രംഗത്തെ കുത്തഴിഞ്ഞ അവസ്ഥയിലാക്കി. കാർഷിക മേഖലയെ വികസിപ്പിക്കാനുള്ള ഇടപെടലുണ്ടാകണം. സഹകരണ മേഖലയെ തകർക്കുന്ന നിലപാടിൽനിന്ന് പിൻമാറണം.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കക്ഷിരാഷ്ട്രീയഭേദമെന്യേ എം.എൽ.എ.-മാർക്ക് അഞ്ച് കോടി രൂപയുടെ ആസ്തി വികസന ഫണ്ട് അനുവദിച്ച നടപടി സ്വാഗതാർഹവും യു.ഡി.എഫ്. ഗവൺമെന്റിന്റെ ചരിത്ര നേട്ടവുമാണ്. മഞ്ചേരി, ഇടുക്കി മെഡിക്കൽ കോളേജുകൾ യാഥാർത്ഥ്യമാക്കാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചതും പാലക്കാട് മെഡിക്കൽ കോളേജിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക്

എം.ബി.ബി.എസ്.-ന് എഴുപത് ശതമാനം സീറ്റുകൾ ഉറപ്പാക്കുകയും ചെയ്ത നടപടി ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റിന്റെ രാഷ്ട്രീയ തീരുമാനമാണ്. പുതിയ താലൂക്കുകളുടെ രൂപീകരണം, സർക്കാർ എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭിക്കാനുള്ള തീരുമാനം, അദ്ധ്യാപക പാക്കേജ്, അധിക തസ്തികകൾ സൃഷ്ടിക്കൽ എന്നീ തീരുമാനങ്ങളെല്ലാം അഭിലഷണീയമാണ്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും സമഗ്ര വികസനം കൈവരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. സംസ്ഥാനത്തെ സ്വാശ്രയ മാനേജ്മെന്റ് മെഡിക്കൽ കോളേജുകളുമായി കരാറിലേർപ്പെടുകയും സമീപകാലത്ത് പ്രതിപക്ഷം ഉയർത്തിയ ആശങ്കൾക്കെല്ലാം അതിവേഗം പരിഹാരം കാണാനും ഈ സർക്കാരിന് കഴിഞ്ഞു. സാംസ്കാരിക മേഖലയ്ക്ക് കൂടുതൽ ബഡ്ജറ്റ് വിഹിതം അനുവദിക്കണം. ചെങ്ങന്നൂരിൽ ആചാര്യഗുരു സ്മാരക നിർമ്മാണത്തിനാവശ്യമായ തുക വകയിരുത്തണം. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ തിയേറ്റർ കോംപ്ലക്സുകൾ സ്ഥാപിക്കണം. കേന്ദ്രത്തിൽ അധികാരത്തിൽവന്ന ബി.ജെ.പി. സർക്കാർ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ കൈകൊണ്ടിട്ടുള്ള ജനവിരുദ്ധ നയങ്ങളെ ശക്തമായി എതിർക്കണം.

<u>ശ്രീ. എ. കെ. ബാലൻ</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള ധനകാര്യ മാനേജ്മെന്റിന്റെ പൊള്ളത്തരങ്ങളും അവകാശവാദങ്ങളും പരിശോധിക്കപ്പെടണം. യു.ഡി.എഫ്. ഗവൺമെന്റ് അധികാരമേറ്റശേഷം റവന്യൂകമ്മിയും കടബാധ്യതയും ഗണ്യമായി വർദ്ധിക്കുകയുണ്ടായി. വിവിധ മേഖലകൾക്കായി അനുവദിച്ച സംസ്ഥാന പദ്ധതി വിഹിതം പൂർണ്ണമായി വിനിയോഗിക്കാനോ ഭൗതിക നേട്ടങ്ങൾ കൈവരിക്കാനോ സർക്കാരിന് കഴിഞ്ഞിട്ടില്ല. അനുവദിച്ച തുക ട്രഷറി ഡെപ്പോസിറ്റായി മാറ്റിക്കൊണ്ട് പദ്ധതി വിഹിതം ചെലവഴിച്ചുവെന്ന മിഥ്യാ ധാരണ സൃഷ്ടിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ രജിസ്റ്റേർഡ് വ്യാപാരികളുടെ എണ്ണം വർദ്ധിച്ചുവെങ്കിലും വിൽപ്പന നികുതിയിനത്തിൽ ക്രമാനുഗതമായ വർദ്ധനവ് ഉണ്ടാക്കാനോ രജിസ്ട്രേഷൻ നികുതി, എക്സൈസ് നികുതി, ഭൂനികുതി എന്നിവയിൽ പ്രതീക്ഷിച്ച നേട്ടം കൈവരിക്കാനോ കഴിഞ്ഞിട്ടില്ല. റവന്യൂ റിക്കവറി, രജിസ്ട്രേഷൻ അണ്ടർ വാല്യുവേഷൻ, മോട്ടോർ വാഹന-വാണിജ്യ നികുതി തുടങ്ങിയ മേഖലകളിലെ കുടിശ്ശിക പിരിച്ചെടുക്കാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. അധിക നികുതി ബാധ്യത, കെ.എസ്.ഇ.ബി.യുടെ താരിഫ് വർദ്ധനവ്, വാട്ടർ

ചാർജ് വർദ്ധനവ്, യാത്രാക്കൂലി വർദ്ധനവ് എന്നിവയും ജനജീവിതത്തെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. പാലക്കാട് മെഡിക്കൽ കോളേജിന് തുകയൊന്നും വകയിരുത്താതെ കോർപ്പസ് ഫണ്ട് ഉപയോഗപ്പെടുത്തി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്ന സർക്കാർ നടപടി നീതീകരിക്കാൻ കഴിയുന്നതല്ല. കെ.എസ്.എഫ്.ഇ.യുടെ ട്രഷറി നിക്ഷേപത്തിന് പലിശ നൽകാത്ത നടപടി അതിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന സ്ഥിതിവിശേഷമുണ്ടാക്കും. സഹകരണ-പൊതുമേഖലകളിലുള്ള ടെക്സ്റ്റൈൽ മില്ലുകളുടെ നവീകരണത്തിനാവശ്യമായ തുക വകയിരുത്തിയില്ലെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾ പൂട്ടിപ്പോകാനിടയാകും. ആസ്തി വികസന ഫണ്ടുപയോഗിച്ച് നടപ്പിലാക്കേണ്ട പ്രവൃത്തികൾക്ക് ഭരണാനുമതി നൽകണം. കരുണ പ്ലാന്റേഷനുമായി ബന്ധപ്പെട്ട കമ്മിറ്റി റിപ്പോർട്ടിന്മേൽ സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കാനും സർക്കാർ ഭൂമി വിൽപ്പന നടത്തിയതിനെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താനും തയ്യാറാകണം.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം

ചെയ്യുന്നതിനും ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ പരിശീലനം നൽകുന്ന പദ്ധതിക്കും തുക വകയിരുത്തിയ നടപടി സ്വാഗതാർഹമാണ്. സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കണമെന്ന ലക്ഷ്യത്തോടുകൂടിയാണ് ഉപധനാഭ്യർത്ഥനകൾ കൊണ്ടുവന്നിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ അടിസ്ഥാനപരമായ മാറ്റമുണ്ടാക്കി പദ്ധതികൾ ഫലപ്രദമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് സംവിധാനമൊരുക്കണം. ജനങ്ങളെ ബോധവൽക്കരിക്കുന്നതിലൂടെ നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. സ്വർണ്ണം, ടെക്സ്റ്റൈൽസ് എന്നിവയുടെ ടാക്സ് സ്ട്രക്ച്ചർ റാഷണലൈസ് ചെയ്യണം. നഗരങ്ങളിൽ പുതിയ സ്കൂളുകൾ ആരംഭിക്കുന്നതുൾപ്പെടെയുള്ള വിദ്യാഭ്യാസ സംവിധാനമൊരുക്കുന്നതിനും കൊച്ചി മൂസിരീസ് ബിനാലെയ്ക്ക് കൂടുതൽ തുക നീക്കിവയ്ക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആഗോള സാമ്പത്തികമാന്ദ്യത്തിന്റെ കാലഘട്ടത്തിലും ജനങ്ങളുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി സ്കൂളുകളിലെ അഡ്മിഷൻ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മലബാർ ഉൾപ്പെടെ ആവശ്യമായ സ്ഥലങ്ങളിൽ

കൂടുതൽ സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. പാഠ്യ ദിവസങ്ങൾ അഞ്ചായി ചുരുക്കിയ തീരുമാനം സ്വാഗതാർഹമാണെങ്കിലും പ്രസ്തുത നടപടിമൂലമുണ്ടായിട്ടുള്ള ന്യൂനതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. ആർ.എം.എസ്.എ.-യിൽ ആരംഭിച്ച സ്കൂളുകളിൽ ഭാഷാ പഠനം കാര്യക്ഷമമാക്കുന്നതിനും ജീവനക്കാർക്ക് ശമ്പളം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. മിഷൻ 676 -ൽ കുടിവെള്ള പദ്ധതികൾക്ക് കൂടുതൽ പ്രാധാന്യം നൽകിയതും ന്യൂനപക്ഷ ക്ഷേമത്തിനായി പ്രത്യേക വകുപ്പ് രൂപീകരിച്ചതും ന്യൂനപക്ഷ ക്ഷേമ ഫണ്ട് കാര്യക്ഷമമായി വിനിയോഗിച്ചതും സ്വാഗതാർഹമാണ്. ദേശീയ ന്യൂനപക്ഷ കമ്മീഷൻ മാതൃകയിൽ കേരളത്തിലും ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കണം. സാമൂഹ്യ നീതി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പഞ്ചായത്ത് മെമ്പർമാർക്ക് പെൻഷൻ ഏർപ്പെടുത്തുന്നതിനും കൂടുതൽ ഭവനപദ്ധതികൾ നടപ്പിലാക്കുന്നതിനും ആശുപത്രികളിൽ ആവശ്യമായ ഡോക്ടർമാരെയും പാരാ മെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിനും കൂടുതൽ ഐ.ടി.ഐ.കൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ഇ. കെ. വിജയൻ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതവും ധനകാര്യ കമ്മീഷൻ ഗ്രാന്റുകളും വിനിയോഗിക്കുന്നതിൽ

സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. ഫിഷറീസ് മേഖലയിലെ വിദ്യാർത്ഥികൾക്ക് നൽകാനുള്ള ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും കടാശ്വാസ തുകയും കുടിശ്ശികയായിരിക്കുകയാണ്. ഐ.എ.വൈ. പദ്ധതിപ്രകാരം ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുകയും സമഗ്ര ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുകയും വേണം. പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിനും മറ്റ് നഷ്ടങ്ങൾക്കും സമയബന്ധിതമായി നഷ്ടപരിഹാരം നൽകണം. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനും സ്പോർട്സ് മേഖലയിൽ ഒളിമ്പിക്സ് ലക്ഷ്യമാക്കി കുട്ടികളെ പ്രാപ്തരാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ബഡ്ജറ്ററി സപ്പോർട്ട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. പാലോട് രവി</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ വികസന പ്രശ്നങ്ങളോട് യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ള സമീപനം സ്വീകരിച്ചുകൊണ്ടും തനത് വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും കേന്ദ്ര സർക്കാരിൽനിന്ന് പരമാവധി സഹായങ്ങൾ ഉറപ്പാക്കിക്കൊണ്ടുമുള്ള ധനകാര്യ മാനേജ്മെന്റാണ് ഇവിടെയുള്ളത്. ഓരോ പദ്ധതിക്കും അക്കൗണ്ടബിലിറ്റിയും ഓഡിറ്റിംഗും ഉറപ്പുവരുത്തണം. ബ്യൂറോക്രസിയിലെ ചേരിതിരിവ് ഭരണത്തെ ബാധിക്കാതിരിക്കാൻ ഉദ്യോഗസ്ഥരെ നിയന്ത്രിക്കുന്നതിനും പോലീസ് സേനയിൽ വനിതാ പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നടപടിയുണ്ടാകണം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കരുണാ പ്ലാന്റേഷന്റെ ഭൂമി സ്വകാര്യ വ്യക്തിക്ക് കൈമാറുന്നതിന് എൻ.ഒ.സി. കൊടുത്തതുസംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറാകണം. ബഡ്ജറ്റിൽ വകയിരുത്തുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നതോടൊപ്പം വിലവർദ്ധനവ് തടയുന്നതിനും ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിനും പ്രീപ്രൈമറി ടീച്ചേഴ്സിന്റെയും സാക്ഷരതാ പ്രേരക്മാരുടെയും വേതനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ധനക്കമ്മി കുറയ്ക്കുന്നതിലും ധനകാര്യ അച്ചടക്കവും വിഭവസമാഹരണവും നടപ്പാക്കുന്നതിലും സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. കോൺട്രാക്ടർമാർക്ക് കുടിശ്ശികയിനത്തിൽ നൽകാനുള്ള 2,500 കോടി രൂപ നൽകാൻ നടപടി സ്വീകരിക്കണം. നികുതി വരുമാനം ഗണ്യമായി കുറയുകയും ലക്ഷ്യമിട്ട തുകപോലും പിരിച്ചെടുക്കാൻ സാധിക്കാതെ വരികയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. നിതാഖത് നിയമവുമായി ബന്ധപ്പെട്ട് ഗൾഫ് നാടുകളിൽനിന്നും തിരിച്ചുവന്നവരെ പുനരധിവാസിപ്പിക്കാനോ ശമ്പളപരിഷ്കരണത്തിന് കമ്മീഷനെ നിയമിച്ചെങ്കിലും തുടർനടപടി സ്വീകരിക്കാനോ സർക്കാരിന് സാധിച്ചിട്ടില്ല. പ്രഖ്യാപിത പദ്ധതികളൊന്നുംതന്നെ സർക്കാർ നടപ്പാക്കുന്നില്ല. സംസ്ഥാന ഭരണ സംവിധാനം പരാജയപ്പെട്ടിരിക്കുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): അബ്കാരി കുടിശ്ശിക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് ഊർജ്ജിത നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കുടിശ്ശിക പിരിച്ചെടുക്കാൻ സാധിക്കാത്തതിനാലും കുടിശ്ശികക്കാർ മരണപ്പെട്ടതിനാലും 27.95 കോടി രൂപയുടെ ആർ.ആർ. സർട്ടിഫിക്കറ്റ് ജില്ലാ കളക്ടർമാർ മടക്കി അയച്ചിട്ടുണ്ട്. വിവിധ കോടതികളിലായി 23.9 കോടി രൂപയുടെ സ്റ്റേയാണുള്ളത്. ഭൂരിഭാഗം കേസ്സുകളിലും ആർ.ആർ.നടപടികളുടെ ഭാഗമായി കുടിശ്ശികക്കാരുടെ വസ്തുക്കൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. കുടിശ്ശിക ഈടാക്കുന്നതിനായി നടപ്പിലാക്കിയ ആംനസ്റ്റി സ്കീം പുന:സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്. അബ്കാരി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ സർക്കാരിന് വീഴ്ച സംഭവിച്ചിട്ടില്ല.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): നികുതി കുടിശ്ശിക പിരിച്ചെടുക്കാനുള്ളതിൽ ഒരു ഭാഗം പൊതുമേഖലാ സ്ഥാപനങ്ങളുടെ നികുതി ബാധ്യതയായതിനാൽ പൂർണ്ണമായി പിരിച്ചെടുക്കുക പ്രായോഗികമല്ല. അപ്പലേറ്റ് അതോറിറ്റികൾക്കു മുന്നിൽ തീർപ്പാകാതെ കിടക്കുന്ന കേസ്സുകളും ഹൈക്കോടതിയുടെ പരിഗണനയിലുള്ള കേസ്സുകളും വേഗത്തിൽ തീർപ്പാക്കുന്നതിനും കളക്ടബിൾ ഡിമാന്റ് പൂർണ്ണമായി പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ആഗോള സമ്പദ്‌വ്യവസ്ഥയിലുണ്ടായ മാന്ദ്യം സംസ്ഥാന

സമ്പദ്വ്യവസ്ഥയേയും ബാധിച്ചത് വളർച്ചാനിരക്കും നികുതിവരുമാനവും കുറയുന്നതിന് കാരണമായിട്ടുണ്ട്. 4854 കോടി രൂപയുടെ ഉപധനാഭ്യർത്ഥനയിൽ 4512 കോടി രൂപ പ്ലാനിനു വേണ്ടിയാണ് ചെലവഴിക്കുന്നത്. സ്കൂൾ യൂണിഫോം, പോലീസ് മോഡണൈസേഷൻ, മത്സ്യത്തൊഴിലാളി വായ്പ എഴുതിത്തള്ളൽ, തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവയ്ക്കായാണ് തുക നീക്കിവച്ചിരിക്കുന്നത്. ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ ഭാഗമായി പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനും 14 മണ്ഡലങ്ങളിൽ പുതിയ കോളേജുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് മെഡിക്കൽ കോളേജിന് 10 കോടി രൂപ അനുവദിക്കുന്നതാണ്. നെല്ല് സംഭരണത്തിനാവശ്യമായ തുക നൽകുന്നതാണ്. സപ്ലൈകോ, കൺസ്യൂമർഫെഡ് മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി യഥാക്രമം 21 കോടി രൂപയും 25 കോടി രൂപയും നൽകിയിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുക്കാതെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ തുക അനുവദിക്കുന്നതാണ്. കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് 522 കോടി രൂപയും കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് 628 കോടി രൂപയും കണ്ണൂർ എയർപോർട്ടിന് 422 കോടി രൂപയും തിരുവനന്തപുരം, കോഴിക്കോട് മോണോറെയിൽ പദ്ധതിക്ക് 28 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. റബ്ബർ സംഭരണ ഏജൻസികൾ സംഭരണം നടത്തുന്നതിനനുസരിച്ച് തുക

അനുവദിക്കുന്നതാണ്. കാരുണ്യ ബെനവലന്റ് ഫണ്ട് വഴി 40000 പേർക്ക് 400 കോടി രൂപയുടെ ചികിത്സാസഹായം നൽകിയിട്ടുണ്ട്. സ്വർണ്ണത്തിന്റെ കോമ്പൗണ്ടിംഗ് നികുതി ഘടനയിൽ മാറ്റം വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ലഭിക്കുന്നതിനേക്കാൾ കൂടുതൽ തുക പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാർ ചെലവഴിക്കുന്നുണ്ട്. വികലാംഗ പെൻഷൻ, അഗതി-വിധവാ പെൻഷൻ എന്നിവ കുടിശ്ശികയില്ലാതെ വിതരണം ചെയ്യുകയും കർഷകത്തൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവയുടെ 2013 ഡിസംബർ വരെയുള്ള കുടിശ്ശിക കൊടുത്തുതീർക്കുകയും ചെയ്തിട്ടുണ്ട്. കരാറുകാരുടെ കുടിശ്ശിക തുക ഘട്ടംഘട്ടമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും എക്സൈസ് എന്ന VIII-ാം

നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന ധനാഭ്യർത്ഥനയിന്മേലുള്ള XXVI-ാം നമ്പർ ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സാംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ

ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജലസേചനം

എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും 59-നെതിരെ 68 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട മറ്റ് ധനാഭ്യർത്ഥനകളിന്മേലുള്ള ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.50-ന് പിരിഞ്ഞു.

* * * * * * * * * *